

**അഹ്മദ് ഫുആദ് നജ്മ്**

(ഈജിപ്ഷ്യൻ വിപ്ലവത്തിൽ ജനകീയ മുന്നേറ്റത്തെ പ്രചോദിപ്പിക്കാനായി കവിതകളും പാട്ടുകളും ധാരാളമായി ഉപയോഗിച്ചിരുന്നു. സറ്റയറും പാരഡികളും കവിഞ്ഞൊഴുകുന്ന ചൊൽകവിതകളായിരുന്നു അവയിൽ പലതും. 'അറേബ്യൻ വിപ്ലവ കവിതകൾ' എന്ന സമാഹാരത്തിൽ നിന്നെടുത്ത അഹ്മദ് ഫുആദ് നജ്മിന്റെ പ്രാദേശിക ചുവയും വായ്മൊഴി സ്വഭാവവും കലർന്ന ഈ കവിതകളുടെ നാടൻ ഹാസ്യവും താളാത്മകതയും ഇംഗ്ലീഷിൽ ശരിക്ക് ആവിഷ്കരിക്കുക ദുഷ്കരമാണെന്ന് ആ സമാഹാരത്തിന്റെ വിവർത്തകൻ പറയുന്നു. എങ്കിലും, സമകാലീന ഈജിപ്ഷ്യൻ വിപ്ലവ കവിതകളെ അകലെനിന്ന് പരിചയപ്പെടാൻ മാത്രം ഈ ലഘുരചനകൾ ഇവിടെ മൊഴിമാറ്റം ചെയ്യുന്നു.)

# അവരാർ? നമ്മളാർ?

അവർ രാജകുമാരർ, സുൽത്താന്മാർ
സ്വത്തും അധികാരവും
കൈയാളുന്നവർ
നമ്മളോ നിസ്സാരർ.....നിസ്വരും.....
നിങ്ങൾ ചിന്തിക്കൂ......ഊഹിക്കൂ.......
ആർ ആരെ ഭരിക്കുന്നുവെന്ന്?

അവരാർ? നമ്മളാർ?
നമ്മളാണ് നിർമിക്കുന്നത്
നമ്മളാണ് പണിയാളർ
നമ്മളാണ് ഫർദും സുന്നത്തും
ആരോഗ്യം കൊണ്ട് ഉന്നതരും
വിസ്തൃതരുമായ ജനങ്ങൾ
അതിനാലീ നാടു പുലരുന്നു

നമ്മുടെ വിയർപ്പിനാൽ
താഴ്‌വാരങ്ങൾ പച്ചയണിയുന്നു.
നിങ്ങൾ ചിന്തിക്കൂ....ഊഹിക്കൂ.....
ആർ ആരെയാണ് സേവിക്കുന്നതെന്ന്.

അവർ രാജകുമാരർ, സുൽത്താന്മാർ
അവർക്ക് സൗധങ്ങളും
ആഡംബര വാഹനങ്ങളും
സ്ത്രീകളെ തെരഞ്ഞെടുത്ത്
ഉപഭോഗം ചെയ്യുന്ന മൃഗങ്ങൾ
സ്വന്തം കുടൽ കുത്തിനിറക്കലാണ്
അവരുടെ ഏക ജോലി

നിങ്ങൾ ചിന്തിക്കൂ....ഊഹിക്കൂ.........
ആർ ആരെയാണ്
തിന്നുകൊണ്ടിരിക്കുന്നതെന്ന്

നമ്മൾ കലാപമാണ്
അതിലെ തീയും കല്ലുകളും.
നാടിനെ മോചിപ്പിക്കുന്ന സൈന്യം
പരാജിതരോ
വിജയികളോ ആയ
രക്തസാക്ഷികൾ

നിങ്ങൾ ചിന്തിക്കൂ....ഊഹിക്കൂ.....
ആർ ആരെയാണ് കൊല്ലുന്നതെന്ന്...?
അവർ സംഗീതനിശക്കു പിന്നിലെ
അവ്യക്തമായ നിഴലുകൾ
സ്വാഭാവികമായും ശൂന്യമസ്തിഷ്കരും
വർണാങ്കിത ബിംബങ്ങളുമായ
രാഷ്ട്രീയക്കാർ

അവർ പുതിയ ഫാഷൻസാരികൾ!
പക്ഷേ നാം ഏഴു പേർ
ഒറ്റ മുറിയിൽ കഴിയുന്നു.
അവർ ഇറച്ചിയും കോഴിയും തിന്നുന്നു
നമ്മൾ പയർ മാത്രവും.
അവർ സ്വകാര്യ വിമാനങ്ങളിൽ
ചുറ്റിക്കറങ്ങുന്നു നമ്മൾ ബസുകളിൽ
ഞെങ്ങിഞെരുങ്ങുന്നു.

അവരുടെ ജീവിതം സുന്ദര സുരഭിലം
അവർ മറ്റൊരു വർഗമാണ്.
നമ്മൾ മറ്റൊന്നും.
നിങ്ങൾ ചിന്തിക്കൂ....ഊഹിക്കൂ.....
ആർ ആരെയാണ്
തോൽപിക്കേണ്ടത്. ■



# പ്രസിഡന്റിന്റെ തെറ്റ് എന്ത്?



തിരക്കു പിടിച്ച്
പണമുണ്ടാക്കി
പുറത്ത്, സ്വിറ്റ്സർലണ്ടിൽ
അവൻ നമുക്കായ് നിക്ഷേപിക്കുന്നു.

പാവം! നമ്മുടെ ഭാവിയെ-
ക്കുറിച്ച് ഓർക്കുന്ന
അവന്റെ കാരുണ്യഹൃദയം
ആർക്കും കാണാനാകുന്നില്ല.

ആത്മാർഥതയോടും
മനഃസാക്ഷിയോടും കൂടി
അവൻ നിങ്ങളെ പട്ടിണിക്കിട്ട്
തടി കുറക്കുന്നു.

നിങ്ങൾ എന്തൊരുതരം മനുഷ്യർ!
ഒരു നേരത്തെ ആഹാരത്തിനുവേണ്ടി
നിങ്ങളവനെ കുറ്റപ്പെടുത്തുന്നു.

കാര്യങ്ങൾ അപ്രായോഗികമായിരിക്കെ
തൊഴിലില്ലായ്മയെക്കുറിച്ച്
സംസാരിക്കുന്നു

അവൻ നിങ്ങൾ വിശ്രമിക്കാൻ
ആഗ്രഹിക്കാതിരിക്കുന്നില്ല.
പക്ഷേ വിശ്രമം
നിങ്ങൾക്ക് ഒരു പൊല്ലാപ്പായ് തീരും

റിസോർട്ടുകൾ എന്നാണ്
അവയെ പറ്റി പറയേണ്ടത്.
പക്ഷേ എന്താണ്
നിങ്ങളവയെ
രാഷ്ട്രീയ തടവറകൾ എന്നു വിളിക്കുന്നത്?
അവൻ ഉദ്ദേശിച്ചത്
നിങ്ങൾക്കൽപം ഉല്ലാസമാകട്ടേയെന്നാണ്
പക്ഷേ തന്റെ കസേരയെപ്രതി
നാമവന് ഒരു സിംഹാസനം കൊടുക്കേണ്ടതല്ലേ?

ഞാൻ ആണയിട്ടു പറയുന്നു
ആ മനുഷ്യനോട് അപമര്യാദയായാണ്
പെരുമാറുന്നത്.

അവൻ തന്റെ ജീവിതം പാഴാക്കുന്നത്
എന്തിനുവേണ്ടി?
നിങ്ങൾക്കു കഴിക്കാനുള്ള ഭക്ഷണം പോലും
നിങ്ങൾക്കുവേണ്ടി, ആർത്തിയോടെ അവൻ കഴിച്ചു.
ഇതെല്ലാം നോക്കിയാൽ നമ്മുടെ പ്രസിഡന്റിന് *
എന്താണ് ഒരു കുഴപ്പം.

ഞാനൊട്ടു ക്ഷുഭിതനല്ല.
പക്ഷേ ഈ സത്യം പറയും.
അതെന്റെ ഉത്തരവാദിത്വമാണ്
അതായത് പ്രസിഡന്റ് കാരുണ്യവാനായ ഒരുവനാണ്.
അയാൾ സ്വന്തം ജനതക്കുവേണ്ടി
നിരന്തരം പ്രവർത്തിക്കുന്നവനാണ്. ■

* മുൻ ഈജിപ്ഷ്യൻ പ്രസിഡന്റ് മുബാറക് ആണ് ഇവിടെ പരാമർശം

മൊഴിമാറ്റം: **പി.എ നാസിമുദ്ദീൻ**





₹ 130/- 100/-

അറബ് വിപ്ലവവസന്തം എന്നറിയപ്പെടുന്ന യുഗപ്പകർച്ചയ്ക്ക് നാന്ദി കുറിച്ചുകൊണ്ടാണ് 2011 പിറന്നുവീണത്. ഉത്തരാഫ്രിക്കൻ അറബ് രാജ്യങ്ങളിൽ ആകസ്മികമായി നടന്ന പ്രസ്തുത വിപ്ലവങ്ങൾ ജനം അവിടെയൊരു യാഥാർത്ഥ്യമല്ലെന്ന ചിരപ്രതിഷ്ഠിത മിത്തിനെ തകർത്തു കളഞ്ഞു. തുനീഷ്യയിൽ നിന്ന് ആരംഭിച്ച് ഈജിപ്ത്, ലിബിയ, സിറിയ, യമൻ, ബഹറൈൻ എന്നീ രാജ്യങ്ങളെ പിടിച്ചു കുലുക്കിയ രാഷ്ട്രീയ ഭൂകമ്പത്തിന്റെ പശ്ചാത്തല ശക്തികളെയും ലോക രാഷ്ട്രീയത്തെയും ഈ കൃതി ആഴത്തിൽ വിശകലനം ചെയ്യുന്നു. അറബ് രാഷ്ട്രീയത്തിന്റെ ഉള്ളറകളിലേക്ക് വെളിച്ചം വീശുന്ന ആധികാരിക അറിവുകളുടെ കലവറ.

**വി.എ. കബീർ**

**വചനം ബുക്സ്**
മാവൂർ റോഡ്, കോഴിക്കോട്-4, ഫോൺ : 0495 2722424, 3042704, www.vachanambooks.com